പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3477 | 29.01.2014 ൽ മറുപടിയ്ക്ക് |
|---|---|

**അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |

(എ) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നിലവിലുള്ള പ്രതിമാസ വേതനം എത്രയാണെന്നും; ജോലി സമയം എത്ര യാണെന്നും അറിയിക്കുമോ; അനുവദിച്ചിട്ടുള്ള വേതനം ഇവരുടെ ജോലിയുമായി തട്ടിച്ചുനോക്കി യാൽ വളരെ തുച്ഛമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം പോലും അംഗൻവാടി ഹെൽപ്പറിന് ലഭിക്കുന്നില്ല എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; അംഗൻവാടി ജീവനക്കാരുടെ വേതനം അടിയന്തിരമായി വർദ്ധി പ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

(എ) യും (ബി) യും

അംഗൻവാടി ജീവനക്കാർക്ക് നിലവിൽ നൽകി വരുന്ന ഓണറേറിയം ചുവടെ ചേർക്കും പ്രകാരമാണ്.

| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|---|
| | **അംഗൻവാടി വർക്കർ** | | | |
| 1 | നോൺമെട്രിക്കുലേറ്റ് | 2938 | 1400 | 4338 |
| 2 | നോൺമെട്രിക്കുലേറ്റ് 5 വർഷത്തിനു മേൽ സർവ്വീസുള്ളവർ | 2969 | 1400 | 4369 |
| 3 | നോൺമെട്രിക്കുലേറ്റ് 10 വർഷത്തിനു മേൽ സർവ്വീസുള്ളവർ | 3000 | 1400 | 4400 |
| 4 | മെട്രിക്കുലേറ്റ് | 3000 | 1400 | 4400 |
| 5 | മെട്രിക്കുലേറ്റ് 5 വർഷത്തിനു മേൽ സർവ്വീസുള്ളവർ | 3031 | 1400 | 4431 |
| 6 | മെട്രിക്കുലേറ്റ് 10 വർഷത്തിനു മേൽ സർവ്വീസുള്ളവർ | 3063 | 1400 | 4463 |
| | **അംഗൻവാടി ഹെൽപ്പർ** | 1500 | 1400 | 2900 |

അംഗൻവാടി ജീവനക്കാരുടെ ജോലി സമയം താഴെപ്പറയും പ്രകാരമാണ്.

അംഗൻവാടിയിൽ - രാവിലെ 9.30 മുതൽ 3.30 വരെ

ഹോം വിസിറ്റ് - 3.30 മുതൽ 4.30 വരെ

കേന്ദ്രവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർ മാരും. പ്രസ്തുത ജീവനക്കാർക്ക് മിനിമം വേതനം നൽകുന്ന കാര്യത്തിൽ കേന്ദ്ര തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാന സർക്കാരിന് നടപടിയെടുക്കുവാൻ സാധിക്കുകയുള്ളൂ.

അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം തുലോം തുച്ഛമാണെന്നതിന്റെ അടിസ്ഥാനത്തിൽ 3.12.2013 ലെ സ.ഉ (എം.എസ്) നം. 106/2013/സാനീവ പ്രകാരം അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 1000 രൂപയിൽ നിന്നും 1400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന വിഹിതത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ വർദ്ധനവ് വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ